<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1781</u> <u>29-09-2025 - ൽ മറുപടിയ്ക്ക്</u>

<u>കാർഷിക സർവ്വകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള ആഭ്യന്തര നിയമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. വഴിയുള്ള ലോ പെയ്ഡ് എംപ്ലോയീസ് പ്രൊമോഷൻ അല്ലാതെ, സെക്രട്ടേറിയറ്റിന് സമാനമായി സീനിയോറിറ്റി അടിസ്ഥാനത്തിൽ 4 വർഷം പൂർത്തിയായവരിൽ നിന്നും ആഭ്യന്തര നിയമനം അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | അനുവദിക്കുന്നില്ല. |
| (ബി) | ഇല്ലെങ്കിൽ സെക്രട്ടേറിയറ്റിന് സമാനമായി 4 വർഷം പൂർത്തിയായ കമ്പ്യൂട്ടർ അസിസ്റ്റന്റുമാരിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് ആഭ്യന്തര നിയമനം നടത്താനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | കേരള കാർഷിക സർവകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ സേവനത്തിലുള്ള ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം നൽകുന്ന വിഷയത്തിന്റെ സാധ്യത പരിശോധിക്കുന്നതിനായി സർക്കാരിൽ മേൽ തസ്തികയിൽ നടന്നു വരുന്ന ആഭ്യന്തര നിയമനം, ബൈട്രാൻസ്ഫർ നിയമനം എന്നിവയുമായി ബന്ധപ്പെട്ട് അവലംബിച്ചു വരുന്ന മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ സംബന്ധിച്ച് വിവരം നൽകണമെന്ന കാർഷിക സർവകലാശാല രജിസ്ട്രാറുടെ അഭ്യർത്ഥന പ്രകാരം കേരളാ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ കംമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലുള്ളവർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിനായുള്ള മാനദണ്ഡങ്ങൾ / വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തി പുറപ്പെടുവിച്ച സ.ഉ.(അ) നം.65/2011/ പൊഭവ തീയതി 28/02/2011 (SRO No:188/2011) ഉത്തരവിന്റെ പകർപ്പ് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കാർഷിക സർവകലാശാല രജിസ്ട്രാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | കാർഷിക സർവ്വകലാശാലയിൽ ഇ-ഓഫീസ് നടപ്പിലാക്കിയ സാഹചര്യത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക് യെല്ലോ പേജ് വഴി ടൈപ്പിംഗ് നടത്തുന്നതിനായി സ്വന്തമായി യൂസർ ഐ.ഡി, | (സി) | അനുവദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | പാസ് വേഡ് അനുവദിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാമോ; | | |
| (ഡി) | ഇല്ലെങ്കിൽ സെക്രട്ടേറിയറ്റിൽ ഉള്ളതിന് സമാനമായി കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക് ഇ-ഓഫീസ് വഴി കത്തുകൾ, നടപടിക്രമങ്ങൾ എന്നിവ ഇ-ഓഫീസിൽ തന്നെ ടൈപ്പ് ചെയ്യുന്നതിനായി യൂസർ ഐ.ഡി, പാസ് വേഡ് എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | കമ്പ്യൂട്ടർ അസിസ്റ്റന്റ്മാർക്ക് വ്യക്തിഗത ഇ- ഓഫീസ് ലോഗിൻ അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |
| (ഇ) | കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള, ഒന്നിലധികം കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുള്ള സ്റ്റേഷനുകളിൽ തപാൽ സെക്ഷൻ കൈകാര്യം ചെയ്യാത്ത കമ്പ്യൂട്ടർ അസിസ്റ്റന്റുമാർ ഇ-ഓഫീസ് ഇന്റർഫേസിലൂടെ ടൈപ്പിംഗ് ജോലികൾ നിർവഹിക്കുന്നത് അനുവദനീയമാണോ; ഇല്ലെങ്കിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് മാർക്ക് ഇ-ഓഫീസ് ഇന്റർഫേസിലൂടെ ടൈപ്പിംഗ് ജോലികൾ നിർവഹിക്കുന്നതിന് അനുമതി നൽകുമോ; വ്യക്തമാക്കുമോ? | (ഇ) | കമ്പ്യൂട്ടർ അസിസ്റ്റന്റ്മാർക്ക് വ്യക്തിഗത ഇ- ഓഫീസ് ലോഗിൻ അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ